# GVHSS PAKALKURI



# The Scholarly Scribes



little KITEs

# ഉള്ളടക്കം

ആമുഖം.......................................................1
സന്ദേശം.......................................................2
പ്രാണസന്ധ്യ.......................................................3
ഓർമ്മകൾ.......................................................4
അമ്മയാം ലോകം.......................................................5
അല്ലിയുടെ സ്വപ്നം.......................................................6
തിരിച്ചറിവ്.......................................................7
ജീവപ്രപഞ്ചം.......................................................8
എല്ലാമെല്ലാമായ അമ്മ.......................................................9
ആരാണ് ശക്തൻ ?.......................................................10
കൂട്ടുകാർ.......................................................11
ചിലങ്ക അണിയാൻ കാത്തിരിക്കുന്നവൾ.............12
ഓർമ്മ.......................................................13
കരുതലിൻ കരങ്ങൾ.......................................................14
വായനദിന കവിത.......................................................15
കിനാവ്.......................................................16
റൂഹീ.. നീ പോകരുതേ.......................................................17
ആർഭാടം മലയാളികളിൽ.......................................................18
19.......................................................الحمار
हिंदी में उपन्यास सम्राट.......................................................20
SAY NO TO DRUGS.......................................................21
മലയാളം നമ്മുടെ മാതൃഭാഷ.......................................................22
നാലുമണിപ്പൂവ്.......................................................23
വിദ്യാർത്ഥി കുടുംബത്തിലും വിദ്യാലയത്തിലും...24

ചിത്രം 1........................................................25
ചിത്രം 2........................................................26
ചിത്രം 3........................................................27
ചിത്രം 4........................................................28
ചിത്രം 5........................................................29
ചിത്രം 6........................................................30

# പ്രാണസന്ധ്യ

പൂവിന്റെ ഉള്ളിലെ തേൻ കുടിക്കാനായ്
ശലഭമാം ഞാനേകനല്ലേ...
ഈ വിരഹാർദ്രമാമി പൊന്നുഷ സന്ധ്യയിൽ
മനുഷ്യനാം ഞാനേകനല്ലേ...
ഒന്നു കാണാൻ കൊതിച്ചു ഞാൻ നിൻ
മുന്നിൽ വന്നപ്പോൾ നീ എന്നെ
നോക്കിയില്ലല്ലോ...
(പൂവിന്റെ...)
എൻ മനസ്സിന്റെ മോഹനരാഗമാം സാനുവിൽ
ചേരുന്ന ശ്രുതിലയ സന്ധ്യേ...
നീയില്ലാതെ ഞാനില്ല എന്നൊരു സത്യവും
നിന്നുടെ ഓർമ്മയിലില്ലേ...
ചന്ദ്രനെ പ്രണയിച്ച മുല്ലതൻ ഇതളുപോൽ
ഞാൻ നിന്നെ മുകർന്നതുമല്ലേ...
(പൂവിന്റെ...)
എൻ മനസ്സാം ചിരാതിന്റെ നെയ്ത്തിരി
നാളമായ് നാം പണ്ട് കഴിഞ്ഞതുമല്ലേ...
വിരഹാർദ്ര സന്ധ്യയിൽ മോഹമായ്
ഞാൻ നിന്റെ അരികെയിരുന്നതുമല്ലേ....
(പൂവിന്റെ...)

ദേവിക.ജെ.എ
9 B

# ഓർമ്മകൾ

മഴയിൽ കുതിർന്നൊരാ പൂവിന്റെ മാറിൽ
ഒരു കൊച്ചു തുമ്പി ഇരുന്നു
അതിൻ വിരഹങ്ങളൊക്കെ വിതുമ്പി...
(മഴയിൽ...)
മണ്ണിൻ മണം തൂകും മഴയിൽ നാം
നനഞ്ഞതും നീ ഓർക്കയില്ലേ...
ഒരു ജന്മത്തിൽ ഞാൻ നിന്നെയെന്നുടെ
ശിരസ്സിൽ ചൂടിയതല്ലേ...
പൂമണം തൂവുന്ന നിന്നുടെ ചാരുത
ഞാനെൻ മൗലിയിൽ ചേർത്തു...
(മഴയിൽ...)
പ്രണയം തുളുമ്പുന്ന നോക്കിൽ നാം
രണ്ടും അളവറ്റു പ്രണയിച്ചതല്ലേ...
പനിനീർ പൂവേ... നിൻ മധു
നുകരാൻ തുമ്പിയാം ഞാനെന്നുമില്ലേ...
(മഴയിൽ...)
നാം രണ്ടുപേരും നമ്മുടെ ഓർമ്മ
പരസ്പരം പങ്കുവച്ചില്ലേ...
(മഴയിൽ...)

ദേവിക.ജെ.എ 9B

# അമ്മയാം ലോകം

അമ്മയെന്നുള്ളൊരാ രണ്ടക്ഷരം വെറും
തേൻവാക്കെന്തെന്ന് നീയറിയൂ...
അമ്മതൻ ഉദരത്തിലണുവായ് പിറന്നു
നാം ഓരോ ദിനമിതാ തള്ളിനീക്കി.
മാതൃഗർഭസ്ഥിതേ നാം പണ്ടിരുന്നതും
പിന്നെയീ ലോകത്തിലായ് വന്നതും.
അമ്മതൻ വാത്സല്യനോവിതാ നാമേറെ
പുൽകിയെടുത്തു മുഖർന്നിടുന്നു...
(അമ്മയെന്നുള്ളൊരാ...)
നിൻ മുലപ്പാലിന്റെ മാധുര്യസീമയിൽ
മുങ്ങിക്കുളിപ്പതിനായി ചെമ്മേ...
കൺകണ്ട ദൈവമാണമ്മയെന്നുള്ളൊരാ
ലോകസത്യം നാമറിഞ്ഞിടണം...
അമ്മതൻ മാറിലെ ചൂടറിഞ്ഞീടണം
ഇല്ലെങ്കിൽ നാം ഒരു മാനവനോ...
അമ്മതൻ കണ്ണീരുപ്പു കലർന്നൊരാ
സ്നേഹവായ്പ്പിങ്ങിതാ തന്നിടുന്നു...
(അമ്മയെന്നുള്ളൊരാ...)
അമ്മയെന്നുള്ളൊരാ മാസ്മരിക
ലോകത്തിൽ ഞാൻ വെറും
അണുവായ് കഴിഞ്ഞിടുന്നു...
(അമ്മയെന്നുള്ളൊരാ...)

ദേവിക.ജെ.എ
9B

# അല്ലിയുടെ സ്വപ്നം

ഒരിടത്ത് ഒരിടത്ത് ഒരു ഗ്രാമമുണ്ടായിരുന്നു. ഒരു കൊടുംകാടിനോട് ചേർന്ന് കിടക്കുന്ന ഗ്രാമം. അവിടെ അല്ലി എന്ന് പേരുള്ള ഒരു പെൺകുട്ടിയുണ്ടായിരുന്നു. പിന്നിയൊതുക്കിയ മുടി. ഒരു നിറം മങ്ങിയ ദാവണിയായിരുന്നു വേഷം. അല്ലിക്ക് സ്വന്തമെന്ന് പറയാൻ അമ്മ മാത്രമേ ഉണ്ടായിരുന്നുള്ളു. അച്ഛൻ ഒരു വന്യജീവി ആക്രമണത്തിൽ കൊല്ലപ്പെട്ടു. അവരുടെ കുടുംബം ദാരിദ്ര്യത്തിന്റെ മുനമ്പ് കൊണ്ട് കീറിയതായിരുന്നു. ഭക്ഷണത്തിനു വകയുണ്ടാക്കാൻ അമ്മ തന്നെയിറങ്ങണം. പിന്നെ ആഴ്ചയിൽ രണ്ട് ദിവസം ജില്ലാ കളക്ടർ രമ്യവർമ്മയുടെ ഭക്ഷണദാനചടങ്ങിൽ പങ്കെടുത്ത് കിട്ടുന്ന ഭക്ഷണം കൊണ്ടൊക്കെയാണ് അവർ വിശപ്പടക്കിയിരുന്നത്. അല്ലിക്ക് പഠിക്കാനുള്ള ഭാഗ്യം ലഭിച്ചിരുന്നില്ല. അവൾക്ക് പുതിയ കൗതുകപ്പെടുത്തുന്ന കാര്യങ്ങൾ കേൾക്കുന്നത് വളരെ ഇഷ്ടമുള്ള കാര്യമായിരുന്നു. അങ്ങനെയിരിക്കെ പുറത്ത് നിന്ന് കേട്ട ഒരു വാർത്തയുമായി അല്ലി അമ്മയുടെ അരികിലെത്തി. അടുത്തുള്ള കാടിനുള്ളിൽ ഒരു മനോഹരമായ സ്ഥലമുണ്ട്. ഇതൊക്കെ കേട്ടിട്ട് അല്ലിയുടെ അമ്മയ്ക്ക് പ്രത്യേകിച്ച് മാറ്റമൊന്നും ഉണ്ടായില്ല. വെറുതെ പറയുന്നതാണെന്ന് അമ്മ പറഞ്ഞു. പക്ഷേ... അല്ലിക്ക് സമാധാനമായില്ല. അവൾ കിടന്നപ്പോൾ ഉറക്കം വരാത്ത വിധത്തിലായിരുന്നു അവളുടെ അവസ്ഥ. തിരിഞ്ഞും മറിഞ്ഞുമൊക്കെ അവൾ കിടന്നു നോക്കി. പക്ഷേ,ഉറക്കം വന്നില്ല. അവൾ ചിന്തിച്ചു: "തനിക്ക് എന്തുകൊണ്ട് അങ്ങോട്ട് പൊയ്ക്കൂടാ..." അവൾ മെല്ലെ കട്ടിലിൽ നിന്നും എഴുന്നേറ്റു. അവൾ അമ്മയുടെ അടുത്തേക്ക് പോയി. അമ്മ നല്ല ഉറക്കത്തിലാണെന്ന് അവൾ ഉറപ്പിച്ചു. എന്നിട്ട് വീട്ടിൽ നിന്നും പുറത്തിറങ്ങി. രാത്രിയല്ലേ... അല്ലി റാന്തൽ എടുത്തു. നഗ്നമായ അവളുടെ പാദങ്ങൾ തണുത്തുറഞ്ഞ തറയിൽ തൊട്ടു. അവൾ നടന്നു കാടിന്റെ അരികിലെത്തി. ചെന്നായയുടെ ഓരിയിടൽ അവളെ തെല്ലു ഭയപ്പെടുത്തി. എന്നാലും, അവൾ ധൈര്യം സംഭരിച്ച് കാടിനുള്ളിലേക്ക് കയറി. കുറ്റാക്കൂരിരുട്ട്.... രണ്ടുമൂന്നു തവണ വീഴാൻ പോയി. അപ്പോഴാണ് കാട്ടിൽ നിന്നും രണ്ടുപേർ തീപന്തം കൊണ്ട് നടന്നു വന്നത്. ഇത് കണ്ട ഉടനെ അല്ലി അടുത്തുള്ള ഒരു മരത്തിന്റെ പിന്നിൽ ഒളിച്ചു. അവർ പോയി.അല്ലിക്ക് തെല്ലാശ്വാസമായി. അവൾ വീണ്ടും വേഗത്തിൽ നടക്കാൻ തുടങ്ങി. പക്ഷേ നിദ്രയുടെ താഴ്വാരത്തിലേക്ക് അവൾ തെന്നി വീണു. പിറ്റേദിവസം അവൾ ഉറക്കത്തിൽ നിന്നെഴുന്നേറ്റു. അവൾ നടക്കാൻ തുടങ്ങി. വൈകാതെ അവൾ ഉദ്ദേശിച്ച സ്ഥലത്തെത്തി. അവിടെ ഒരു മാവുണ്ട്. പക്ഷേ ഇലകൾ കൊഴിഞ്ഞതായിരുന്നു. അവൾക്ക് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. അവൾ പൊട്ടിക്കരയാൻ തുടങ്ങി. ഈ കരച്ചിൽ കേട്ട് മാവ് ഉണർന്നു. "നീ കരയാതിരിക്കു ഞാൻ നിനക്കായി ഒരു സ്വർണ്ണമാമ്പഴം സമ്മാനിക്കുന്നു.." മാവ് ഇങ്ങനെ പറഞ്ഞയുടനെത്തന്നെ ഇലകളെല്ലാം ആ ശിഖരങ്ങളിൽ കിളിർത്തു വന്നു.മാവിന്റെ ഏറ്റവും മുകളിലായി തനിത്തങ്കനിറമുള്ള ഒരു മാമ്പഴം രൂപപ്പെട്ടു. അവൾക്ക് അത് പറിക്കാൻ സാധിച്ചില്ല. അവൾ ഒന്ന് ചാടി പിടിക്കാൻ നോക്കി. പക്ഷേ,അവൾക്കത് ലഭിച്ചില്ല. പകരം...അവൾ അടുത്തുണ്ടായിരുന്ന ഒരു ചെളിക്കുണ്ടിലേക്ക് വീണു."അയ്യോ..." എന്നു വിളിച്ചുകൊണ്ട് അവൾ കട്ടിലിൽ നിന്ന് ചാടി എഴുന്നേറ്റു. "എന്തുപറ്റി..? " എന്ന് അമ്മ ചോദിച്ചു. അപ്പോഴാണ് അവൾ ഇത്രയും നേരം കണ്ടത് ഒരു സ്വപ്നമാണെന്ന് മനസ്സിലായത്. അമ്മയുടെ ചോദ്യത്തിന് മറുപടി പറയാതെ അവൾ കട്ടിലിൽ നിന്നെഴുന്നേറ്റോടി.....

വൈഗ സുനി 8D

# തിരിച്ചറിവ്

ആ രാത്രി
ആ ദമ്പതികളെ സംബന്ധിച്ചിടത്തോളം ഒരു പേടിസ്വപ്നം പോലെയായിരുന്നു; എന്നാൽ ഒരു വലിയ തിരിച്ചറിവിൻ്റെയും. സമയം പകൽ 8 മണിയിക്കാണും. "മോളേ....... ചായ " എന്ന വിളിയുമായി രാഹുലിൻ്റെ അച്ഛനായ രമേശൻ വരാന്തയിലേക്കു വന്നു. എന്നാൽ അവിടുത്തെ പട്ടിയ്ക്കുള്ള പരിഗണന പോലും ഇല്ലാതെ കഴിയേണ്ടി വരികയാണ് ആ വൃദ്ധന് .വല്ലാത്ത ഒരവസ്ഥയാണ് തൻ്റേതെന്ന് അദ്ദേഹം പരിതപിച്ചു.

എല്ലാവരാലും ബഹുമാനിക്കപ്പെട്ടിരുന്ന ഒരു മലയാളം സ്കൂൾ മാഷായിരുന്ന തനിക്കു വീട്ടിൽ നിന്നേൽക്കുന്ന അവമാനങ്ങൾ സഹിക്കുന്നതിലും അപ്പുറമായിരുന്നു. മകനും മരുമകൾക്കും താൻ ഒരധികപ്പറ്റാകുന്നത് പലപ്പോഴും അദ്ദേഹത്തെ വേദനിപ്പിച്ചു.

കൊച്ചുമകളെ ഒന്നു ലാളിച്ചു കൊഞ്ചിച്ചു ഒരപ്പൂപ്പൻ്റെ സ്നേഹം നല്കാൻ പോലും രാഹുലും മീനയും ആ വയോധികനെ അനുവദിച്ചിരുന്നില്ല. ആ നല്ല മനുഷ്യൻ ഈ ദുരവസ്ഥകൾ തങ്ങാനാവാതെ ഒരു തുണ്ടു കയറിൽ ജീവിതം അവസാനിപ്പിച്ചു. ആത്മഹത്യാക്കുറിപ്പു വായിച്ച രാഹുലും മീനയും അപ്പോഴാണ് തങ്ങളെ ഞെട്ടിപ്പിക്കുന്ന ആ വിവരം മനസ്സിലാക്കുന്നത്. തങ്ങൾക്കായി സമർപ്പിക്കപ്പെട്ട ആ പുരുഷജന്മം ഒരു അവിവാഹിതനായിരുന്നെന്ന്.
ഒപ്പം രാഹുൽ ഒരു അനാഥ ജന്മമാണെന്ന സത്യവും . ലോകം കീഴ്മേൽ മറിയ വേ രാഹുൽ രമേശൻ്റെ ശവശരീരത്തിൽ കെട്ടിപ്പിടിച്ചു ഏങ്ങലടിച്ചു നിലവിളിച്ചു.

അച്ഛൻ്റെ ആത്മാവു തന്നോടിങ്ങനെ പറയുന്നതായി രാഹുലിനു തോന്നി "മകനേ... ഇതു നിൻ്റെ തിരിച്ചറിവിൻ്റെ സമയമാണ്. എൻ്റെ കൊച്ചുമകളെ നിങ്ങൾ പൊന്നു പോലെ വളർത്തണം. എന്നും നിങ്ങളുടെ നന്മകൾക്കായി ഈ അച്ഛൻ ആ കാശത്ത് ഒരു താരകമായി കാവൽ നില്ക്കും".

അന്നത്തെ രാത്രി രാഹുലിനും മീനയ്ക്കും ഉറങ്ങാൻ കഴിഞ്ഞില്ല. ഒരു കാളരാത്രി പോലെ അസ്വസ്ഥമായ ആ രാത്രി യെ അതിജീവിക്കാൻ അവർ അച്ഛൻ്റെ നന്മകളെ പൂജാമലരാക്കി ജഗന്നാഥനെ ഭജിച്ച് പുതുജീവിതത്തിനായ് തുടക്കം കുറിച്ചു.

ശിവദത്തൻ 9 D

# ജീവപ്രപഞ്ചം

ഏതു രാവു മുഷസ്സും
വരവേല്ക്കും
അരുണനെന്നൊരു തേജസ്വിയെ
സർവ്വചരാചരങ്ങളും
ധരണിയിൽ
സൂര്യപ്രഭയാൽ
ധന്യമാകുന്നു നിത്യവും
പുഞ്ചിരി തൂകി കതിർ ചിന്നി നമുക്കന്ന മേകിടുന്നു.
പ്രപഞ്ചമെന്നതു വെറും മൂന്നക്ഷരമല്ലയെന്നോതിടുന്നു
ജീവൻ്റെ പാഠപുസ്തകമേകിടുന്നു.
പരപീഡ പാടില്ലയെന്നതും
പരസ്പരസ്നേഹം മതിയെന്നതും ജനനി തൻ ജയത്തിനായ്
പ്രപഞ്ച പ്രണയമെന്നതും
ദൈവ ദാനത്താൽ
കടൽ കടഞ്ഞൊരീ പ്രപഞ്ചത്തിൻ
കണികയായ മനുഷ്യൻ്റെ
കരം തൊട്ടാലീ പ്രപഞ്ചം പ്രതീക്ഷാ നിർഭരം

ശിവദത്തൻ എം
9D

# എല്ലാമെല്ലാമായ അമ്മ

നിങ്ങൾ കണ്ടതിൽ വച്ച് ഏറ്റവും
സുന്ദരിയാര് ?
നല്ല പാട്ടുകാരിയാര് ?
നല്ല പാചകക്കാരിയാര് ?
ആദ്യ ഗുരുവാര് ?
ആദ്യ മുത്തം തന്നതാര് ?
പൊന്നുപോലോമനിച്ചതാര് ?
സഹിക്കാനാവാത്ത വേദന നൽകി ജനിച്ചിട്ടും,
ജീവന് തുല്യം സ്നേഹിച്ചതാര് ?
ദൈവദർശനം തേടി അലയുന്നവർ
അറിയാതെ പോകുന്ന ദൈവം ആര്........?

ദയ.ആർ
9A

# ആരാണ് ശക്തൻ ?

കുലുങ്ങാത്ത മരത്തെ
ആടിയുലക്കുന്ന
കാറ്റാണോ ശക്തൻ ?
ഉറച്ച മണ്ണിനെ മൃദുവാക്കുന്ന
മഴയാണോ ശക്തൻ ?
പാറ പോലുറച്ച മെഴുകിനെ അലിയിക്കുന്ന
തീയാണോ ശക്തൻ ?
ആളിക്കത്തും അഗ്നിയെ ശമിപ്പിക്കും
ജലമാണോ ശക്തൻ ?
ശാന്തമായി ഒഴുകുന്ന നദിയെ ഭീകരമാക്കുന്ന
പേമാരിയാണോ ശക്തൻ ?

ദയ.ആർ
9B

# കൂട്ടുകാർ

ജീവിതത്തിലെന്നും നല്ല ഓർമ്മകൾ സമ്മാനിക്കാൻ കഴിയുന്നത് കൂട്ടുകാർക്കാണ്. ഓരോ മഴത്തുള്ളികളെ പോലെ ഒരുപാട് ഓർമ്മകൾ....

അമൃത കൃഷ്ണൻ

# ചിലങ്ക അണിയാൻ കാത്തിരിക്കുന്നവൾ

നീ എന്റെ മനസ്സിൽ എന്നാണ് കയറിക്കൂടിയതെന്ന്
എനിക്കറിയില്ല
എനിക്ക് നിന്നോട് പ്രണയമോ സന്തോഷമോ എന്നറിയില്ല.
എന്നിരുന്നാലും ഒരുനാൾ ഞാനും നിന്നെ അണിയും.
ഇപ്പോൾ അത് എന്റെ ആഗ്രഹം മാത്രമല്ല സ്വപ്നമായി മാറി
കഴിഞ്ഞിരിക്കുകയാണ്....

അഖില.ബി

# ഓർമ്മ

ഏകാന്തതന്നിരുൾ ചിറകിനുള്ളിലായി
മിന്നിത്തിളങ്ങുന്ന ദീപമായോർമ്മകൾ
വാടിക്കൊഴിഞ്ഞൊരാ ഹൃത്തിലെങ്ങും
ശ്രാവണമാസത്തിൻ ശോഭ പോലെ.
ഒരു സ്വപ്നലോകത്തിലങ്ങുമിങ്ങും
പാറുന്ന ശലഭങ്ങളെന്നപോലെ
അഴലിന്റെ ആഴത്തിൽ മുങ്ങിടുമ്പോൾ
മിന്നുന്ന വെൺമണി മുത്തുപോലെ.
എങ്കിലുമസ്ഥിരമായൊരെൻ
ഓർമ്മകൾ
ഓതുന്നു കാതിലായി ഒറ്റമന്ത്രം
എന്തിനായലയുന്നു സൗഖ്യങ്ങൾ തേടി നീ
ക്ഷണഭംഗുരം ലോക ജനജീവിതം.
അറിയാമതെങ്കിലുമലയുന്നി-
തേൻമനം
മായാത്തൊരോർമ്മതൻ പൊരുള് തേടി
മായാതെയെന്നും നിറഞ്ഞുനിന്നിടുന്നു
ആ നല്ലോരോർമ്മതൻ പൊൻവെളിച്ചം.

ദേവപ്രിയ

# കരുതലിൻ കരങ്ങൾ

സ്നേഹത്തിൻ രൂപമാം ജ്യേഷ്ഠത്തി.....
സ്നേഹമാം സാഗരത്തിൽ ഒഴുകുന്നു അവൾ.....
എത്ര കലഹങ്ങൾ...എത്ര വിരഹങ്ങൾ...
"ജ്യേഷ്ഠത്തി" അവൾ കരുതലിൻ കരങ്ങൾ.....

ജന്ന.എ
8D

# വായനദിന കവിത

വായന നമ്മുടെ അറിവാണ്
വായിച്ചില്ലേൽ അറിവില്ല
അറിവിൻ ദീപം തെളിയട്ടെ
ഒത്തിരി ഒത്തിരി തെളിയട്ടെ

കവിതകൾ പാടി പഠിച്ചീടാം
കഥകൾ പറഞ്ഞു രസിച്ചീടാം
ഒത്തൊരുമിച്ച് പഠിച്ചീടാം
ഒത്തൊരുമിച്ച് കളിച്ചീടാം
ആയിരമായിരം അറിവുകൾ നേടി ഒന്നിച്ചായി രസിച്ചീടാം

വായന നമ്മുടെ അറിവാണ്
വായിച്ചില്ലേൽ അറിവില്ല
അറിവിൻ ദീപം തെളിയട്ടെ
ഒത്തിരി ഒത്തിരി തെളിയട്ടെ
ഒത്തിരി ഒത്തിരി തെളിയട്ടെ

ഷിനു.വി

# കിനാവ്

ഇന്നുഞാനോർക്കുന്നു
പണ്ടു ഞാൻ കണ്ടൊരു
കിനാവിൻ സുഖം
നിദ്ര തഴുകുമ്പോൾ
എല്ലാം മറക്കുമ്പോൾ
എന്നെ തഴുകുന്നൊരെൻ കിനാവ്
പകലുമായുമ്പോൾ
ഇരുളുനിറയുമ്പോൾ
എന്നിലേക്കണയുന്നൊരെൻ കിനാവ്
തമസ്സിൽ വെളിച്ചമായ് സ്നേഹമായ്
നിറവാർന്നൊരെൻ കിനാവ്
ഇന്നു ഞാനോർക്കുമ്പോ -
ഴെവിടെയെന്നറിയാതെ ഹൃദയത്തിലൊരു
കൊച്ചു വിങ്ങലായെൻകിനാവ്

ദേവപ്രിയ

# റൂഹീ.. നീ പോകരുതേ.

"റൂഹീ.. നീ പോകരുതേ..."
ഇന്നും ജനഹൃദയങ്ങളിലത് മുഴങ്ങിക്കേൾക്കുന്നു...
വളർത്തിവലുതാക്കിയ പിതാവിനെ
ഉപേക്ഷിച്ച നീ...
സ്നേഹിച്ചുലാളിച്ച മാതാവിനെ
ഉപേക്ഷിച്ച നീ...
ഇന്നലെ കണ്ടേതോ പയ്യനൊപ്പം
ഇറങ്ങിപ്പോയതല്ലേ നീ...
കോടതിവരാന്തയിലെ ആ പിതാവിന്റെ വാക്കുകൾ
ഇന്നും മാനവഹൃത്തിൻ നൊമ്പരം...
"റൂഹീ.. നീ പോകരുതേ..."
ഈ വാക്കിനെന്തുവില കല്പിച്ച നീ...
ഒടുവിൽ.....
ഒരു മുഴം കയറിൽ അവസാനിച്ചില്ലേ
നിൻ ജീവിതം...
എന്തിനായിരുന്നു ഇതെല്ലാം.....?
എന്തുനേടി ഇതിലൂടെ.....?
മാതൃശാപമോ... അതോ..,
നിൻ സ്വർഗ്ഗീയ ജീവിതമോ.....

മഹ.എ
9C

# ആർഭാടം മലയാളികളിൽ

ഇന്ന് കേരളത്തിൽ ആർഭാടം കുമിഞ്ഞുകൂടിയിരിക്കുകയാണ്.ആർഭാടം ഭ്രാന്ത് പോലുള്ള ഒരു ഉന്മാദാവസ്ഥയായി മാറിക്കൊണ്ടിരിക്കുന്നു.കല്യാണം, വീട് വയ്പ്പ്, മരണച്ചടങ്ങുകൾ ഇതെല്ലാം ആർഭാടത്തിൽ നിന്നുമുള്ളതാണ്.പാവങ്ങൾക്കൊരിക്കലും ആർഭാടം കാണിച്ചുകൊണ്ട് ജീവിക്കാൻ സാധിക്കില്ല.എന്നാൽ അത് മനസ്സിലാക്കാതെ പാവപ്പെട്ടവർ മുതൽ പണക്കാർ വരെ ഇതിലേക്ക് വഴുതി വീഴുകയാണ്. തുടർന്ന് കടക്കെണിയിലേക്ക് വഴുതി വീഴുകയും മറ്റു വഴികളൊന്നുമില്ലാതെ ആത്മഹത്യയിലേക്ക് നയിക്കുകയുമാണ് ചെയ്യുന്നത്.

ലളിതമായ ജീവിതം നയിച്ചുകൊണ്ട് നമ്മുടെ സമൂഹത്തിൽ താഴ്ന്ന നിൽക്കുന്നവരെ സഹായിക്കുക. സൽകർമ്മങ്ങൾ ചെയ്യുന്നതിന് പകരം ആർഭാടത്തിന്റെ വലയത്തിലേക്ക് വഴുതി വീഴുകയാണ് ഇന്നത്തെ സമൂഹം. ആർഭാടം മനുഷ്യനെ എന്തും ചെയ്യാൻ പ്രേരിപ്പിക്കുന്ന അവസ്ഥയിലേക്കെത്തിക്കും.കുറച്ചു പണം കിട്ടുമെന്ന് കേട്ടാൽ ദുഷ്ടത കാട്...

**AARCHA**

# الحمار

كان لدي باءع ملح حمار يستعين به لحمل اكباس الملح الى السوق كلّ يوم
وفي احد الايام اضطر البائع والحمار لقطع نهر صغير من أُجل الوصول إلى السوق ، غير انّ الحمار تعثر فجأة ووقع في الماء ، غذاب الملح واصبحت الاكياس خفيفة ممّا أسعد الحمار كثيرا

ومنذ ذالك اليوم ، بدأ الحمار بتكرار الخدعة نفسها في كل يوم. واكتشف الباءع حيلة الحمار .. فقرّر أن يعلمه درسا.في اليوم التالي ملأ الاكياس بالقطن ووضعها على ظهر الحمار

وفي هذه المرّة أيضا.قام الحمار بالحيلة داتها ، واوقع نفسه في الماء ، لاكن يعكس المرّات الماضية ازداد ثقل القطن اضعافا وواجه الحمار وقتا عصيبيا في الخروج من الماء. فتعلم حينها الدرس، وفرح البائع لذالك

..لن تسلم الجرّة في كل مرة، وقد لا يكون الحظ حليفك دوماً

**AL FIDA.N**
**9C**

# हिंदी में उपन्यास सम्राट

31 जुलाई को आधुनिक हिंदी और उर्दू साहित्य के अग्रणी लेखक प्रेमचंद का जन्मदिन है। मुंशी प्रेमचंद का जन्म उत्तर प्रदेश के वाराणसी के पास लमही गांव में एक साधारण किसान परिवार में हुआ था। पिता अजायब लाल श्रीवास्तव पोस्ट ऑफिस में क्लर्क थे। माता आनंदी है। प्रेमचंद का मूल नाम धनपतराय था। कहानियों का पहला संग्रह 'सोआस-ए-वतन' था। इस संग्रह की पहली कहानी दुनिया का सबसे कीमती रत्न थी। प्रेमचंद के अनुसार इस रत्न ने देश की आजादी के लिए "खून की आखिरी बूंद भी बहा दी"। 19 वीं सदी के पहले दशकों में उन्होंने बाल विवाह और दहेज प्रथा के खिलाफ, विधवा पुनर्विवाह और हिंदू-मुस्लिम मित्रता के पक्ष में बात की। प्रेमचंद को हिंदी में 'उपन्यास सम्राट' के नाम से जाना जाता है।.

"जीवन का वास्तविक सुख
दूसरों का सुख देने में है।
उनका स...

**MAHA**

# SAY NO TO DRUGS

**In today's situation drug addiction is very common on things. Our new generations today going to a scourge of drugs. Our society is at a  loss as to what to do in this situation. But there is no doubt that each of as who are growing up can make some changes in this.**

**If Smoking and drinking were unheard of in the past, today we see deadly menaces like MDMA trying to spread to us. Actually our people use drugs for many reasons they want to feel good,stop feeling bad or perform better in school and or at work etc. But we all understanding one think that its never like this to boost your creativity.But it's make you unwanted problems like family issues pressure as at work, financial issue etc.**

**Now somedays we are…**

**MEKHA**

# മലയാളം നമ്മുടെ മാതൃഭാഷ

മലയാളത്തെ മാതൃഭാഷ എന്നതിലുപരി മനുഷ്യത്വത്തിന്റെ ഭാഷ എന്നാണ് വിശേഷിപ്പിക്കുന്നത്. മലയാളം നമ്മുടെ മാതൃഭാഷ എന്ന് പറയാൻ നമുക്ക് അഭിമാനമാണ്. മാതൃഭാഷയെ കുറിച്ച് പറയുമ്പോൾ നമ്മുടെ മനസ്സിൽ ആദ്യം കടന്നുവരുന്നത് വള്ളത്തോളിന്റെ ചില വരികളാണ്:

" മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്യന്ന പെറ്റമ്മ തൻ ഭാഷ താൻ"

സ്വന്തം ഭാഷയെ പെറ്റമ്മയായും മറ്റുള്ള ഭാഷയെ പോറ്റമ്മയായും കണക്കാക്കുന്ന ഈ വരികൾ ഇന്ന് സമൂഹത്തിൽ പ്രസക്തിയേറുന്നതാണ്.വളരെക്കാലം പഴക്കവും പാരമ്പര്യവും ഉള്ള മലയാളഭാഷയുടെ ഇന്നത്തെ അവസ്ഥ ദയനീയമാണ്. വിദ്യാലയങ്ങളിൽ മാതൃഭാഷയ്ക്ക് ഉപരി ഇന്ന് പ്രാധാന്യം നൽകുന്ന ഒരു ഭാഷയാണ് ഇംഗ്ലീഷ്. കേരളത്തിൽ ജനിച്ചിട്ടും മലയാളം സംസാരിക്കാൻ അറിയില്ല എന്ന് പറയുന്നത് ഇന്നത്തെ കാലത്ത് അഭിമാനമുള്ളതായാണ് കണക്കാക്കുന്നത്. ഒരു ഭാഷ നശിക്കുമ്പോൾ ഒരു ഭാവി കൂടിയാണ് നശിക്കുന്നത് എന്ന് നാം ഓർക്കുന്നില്ല.

സംഭാഷണങ്ങളിൽ ഏറെ പങ്കുവെച്ചിരുന്ന മലയാളഭാഷ ഇന്ന് പേരിന് മാത്രമായിരിക്കുന്നു.മറ്റുഭാഷകളാണ് ഇന്ന് മലയാളത്തിനു പകരം കേരളത്തിൽ സ്ഥാനമേറ്റിരിക്കുന്നത്.വളർന്നുവരുന്ന കുട്ടികൾ ഇംഗ്ലീഷ് ഭാഷ പഠിച്ചാൽ സംസ്കാരമുള്ളവരായി മാറും എന്ന് വിശ്വസിക്കുന്ന ഒരു കൂട്ടം ജനങ്ങളാണ് ഇന്നുള്ളത്.മാതൃഭാഷയെ ഒഴിവാക്കിക്കൊണ്ടായിരിക്കരുത് നാം മറ്റുഭാഷകളെ പഠിക്കേണ്ടതെന്ന് ആരും പറഞ്ഞു കൊടുക്കുന്നില്ല.

മറ്റുള്ള ഭാഷകളും പ്രാധാന്യം നൽകുന്നത് തന്നെയാണ്.എന്നാൽ അത് നാം മാതൃഭാഷയെ മറന്നുകൊണ്ടാകരുത്.ഫെബ്രുവരി ഇരുപത്തിയൊന്നാം തീയതി മാതൃഭാഷാദിനമായി ആചരിക്കുമ്പോഴും മലയാളം എന്ന ഭാഷയുടെ പ്രാധാന്യവും നമ്മുടെ മനസ്സിൽ ഉണ്ടായിരിക്കണം.

ARCHA.G

# നാലുമണിപ്പൂവ്

നാലുമണിപ്പൂവേ...
മഴയത്തും വെയിലത്തും
നീ വിരിഞ്ഞു
കാറ്റത്തും കുളിരത്തും
നീ ചിരിച്ചു

കണ്ണെഴുതാൻ നിനക്കമ്മയുണ്ടോ...
കമ്മലിടാൻ നിനക്കച്ചനുണ്ടോ..
കൂടെച്ചിരിക്കാൻ കൂട്ടരുണ്ടോ...
കൂടെക്കളിക്കാൻ
കുഞ്ഞു മുത്തിയുണ്ടോ..
നാലുമണിപൂവേ
നാട്ടുപൂവേ....
നല്ലിതൾ പൂവേ
കുഞ്ഞിപ്പൂവേ.

അയന സുനിൽ
9D

# വിദ്യാർത്ഥി കുടുംബത്തിലും വിദ്യാലയത്തിലും

' മാതാ,പിതാ,ഗുരു,ദൈവം ' എന്നതാണല്ലോ ഭാരതീയമായ കാഴ്ചപ്പാട്. ഇത് ഏറെ മഹത്തരമായ ഒരു ചിന്തയാണ്. ഒരു വിദ്യാർത്ഥിക്ക് തന്റെ മാതാപിതാക്കളെ അവർ ആയിരിക്കുന്ന അവസ്ഥയിൽ  അംഗീകരിക്കുവാനും സ്നേഹിക്കുവാനും കഴിയണം.മാതാപിതാക്കൾ നൽകുന്ന സ്നേഹത്തിനും അവർ നമുക്ക് വേണ്ടി ചെയ്യുന്ന അധ്വാനങ്ങൾക്കും നന്ദിയുള്ളവരായിരിക്കണം. മാതാപിതാക്കളോട് ഹൃദയസ്വാതന്ത്ര്യത്തോടെ പെരുമാറുവാനും എന്തും തുറന്നു പറയുവാനും അവർ തമ്മിൽ സ്വപ്നങ്ങളും പ്രതീക്ഷകളും ഫലമണിയത്തക്കവിധത്തിൽ ആത്മാർത്ഥമായി പരിശ്രമിക്കുന്നതിനും ഓരോ വിദ്യാർത്ഥിക്കും കടമയുണ്ട്.മാതാപിതാക്കൾ ദൈവത്തിന്റെ പ്രതിരൂപങ്ങളാണ്.അതിനാൽ അവരുടെ സന്തോഷവും അഭിമാനവുമായി വളരണം.


മാതാപിതാക്കളെ പോലെ തന്നെ ബഹുമാനാർഹമാണ് ഗുരുജനങ്ങൾ.അറിവ് പകർന്നുനൽകി നമ്മെ സമർത്ഥരാക്കി മാറ്റുന്ന അധ്യാപകരോട് അനുസരണയും വിനയത്വവും പുലർത്താൻ നമുക്ക് കഴിയണം.വിദ്യാലയം എന്നത് ഒരുമയുടെ കളരിയാണ്.നാനാ ജാതിമതസ്ഥരും, സമ്പന്നരും,ദരിദ്രരുമായ കൂട്ടുകാരുമായി സമ്മേളിക്കാനുള്ള ഒരു ഇടാം കൂടിയാണ് വിദ്യാലയം...



**ASHA. G**



**ASHA.G**




**ASHA.G**



**ASHA.G**



**SREENISHA.S.R**



**SREENISHA S.R**

**TO KNOW ABOUT OUR SCHOOL, SCAN THE QR CODE**